WEBSITE: www.keralapsc.gov.in
E-MAIL: kpsc.psc@kerala.gov.in
Telephone :0471-2546250/224

## കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ. EST 1 -3/5/2022-KPSC

തിരുവനന്തപുരം
തീയതി : 21.06.2024

### ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പട്ടത്തെ ആസ്ഥാന ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ചരക്ക് വാഹനങ്ങളുടേതുൾപ്പെടെയുള്ള നാലുചക്ര വാഹനങ്ങളുടെ റീ-ട്രഡിംഗ് നടത്താത്ത 10 (പത്ത്) പഴയ ടയറുകൾ 29.06.2024 തീയതിയിൽ മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്.

**നിബന്ധനകൾ** :-

1) ക്വട്ടേഷനുകൾ സമർപ്പിക്കാൻ താല്പര്യമുള്ളവർക്ക് 28.06.2024 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ലേലസാമഗ്രികൾ നേരിട്ട് കണ്ട് പരിശോധിക്കാവുന്നതാണ്.
2) ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി, സെക്രട്ടറി – കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്ന പേരിൽ എടുത്തിട്ടുള്ള, തിരുവനന്തപുരത്ത് മാറാവുന്ന 2000/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് ഉൾപ്പെടുത്താത്ത ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.
3) മുദ്രവച്ച ക്വട്ടേഷനുകൾ, **സെക്രട്ടറി – കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം** എന്ന വിലാസത്തിൽ 28.06.2024 ന് വൈകിട്ട് 5 മണിക്കുള്ളിൽ ഈ ഓഫീസിൽ ലഭിക്കത്തക്കവിധം നേരിട്ടോ, തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്.
4) ക്വട്ടേഷനടങ്ങിയ കവറുകൾക്ക് മുകളിൽ **പഴയ ടയറുകളുടെ ലേലം – ക്വട്ടേഷൻ** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
5) നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
6) 29.06.2024 ഉച്ചയ്ക്കുശേഷം 03.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും ഉയർന്ന തുക രേഖപ്പെടുത്തിയ വ്യക്തിയെ ലേല വിജയിയായി പ്രഖ്യാപിക്കുന്നതുമാണ്.
7) ലേലം നേടുന്നയാൾ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക നിയമപ്രകാരമുള്ള GST ഉൾപ്പെടെ അന്നേദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ലേല സാമഗ്രികൾ കൈപ്പറ്റേണ്ടതുമാണ്. മറ്റുള്ളവർക്ക് നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് തിരിച്ച് നൽകുന്നതാണ്.
8) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസ് ജീവനക്കാരോ അവരുടെ ആശ്രിതരോ ലേലത്തിൽ പങ്കെടുക്കുവാൻ പാടില്ല.
9) കൂടുതൽ വിവരങ്ങൾക്ക് 0471-2546250 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
10) ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ വില്പന സംബന്ധിച്ച് സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും

Sd/-
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

പകർപ്പ്:
1)പി. ആർ യൂണിറ്റ് 2)എൻക്വയറി 3)നോട്ടീസ് ബോർഡ് 4)സാർജന്റ് 5.)വെബ്സൈറ്റ് 6) ഫയൽ ശേഖരം